രൂപ ഒരുകോടി 60 ലക്ഷമായി ചുരുക്കി. സ്പിരിറ്റ് കൊണ്ടുവന്നു ചാരായമാക്കി 4 ജില്ലകളിൽ വിതരണം ചെയ്യുന്ന ഒരു പ്രവർത്തനം അവിടെ നടന്നു വന്നിരുന്നു. കഴിഞ്ഞ 5 മാസക്കാലമായി സ്പിരിറ്റ് കിട്ടുന്നില്ല. അതുകൊണ്ട് ആ ജോലിയുമില്ല. ലോൺ കുടിശ്ശിക വന്നാൽ ഐ. എഫ്. സി. ഐ. എഗ്രിമെന്റ് റദ്ദാക്കി ജപ്തി നടപടികളും സ്വീകരിക്കും. ഏറ്റവും വേഗം സ്പിരിറ്റ് കിട്ടാനും കരിവിനേറയും പഞ്ചസാരയുടേയും ഉൽപാദനം ആരംഭിക്കാനും മുഖ്യമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. ആവശ്യമായ നടപടികളും സ്വീകരിക്കണം.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, 1984–85 കാലഘട്ടത്തിൽ മന്നം ഷുഗർമില്ലിൽ കരിമ്പാട്ടൽ നടന്നിട്ടില്ല. 9000 മുതൽ 10,000 ടൺവരെ കരിമ്പ് മാത്രമേ കിട്ടിയിരുന്നുള്ളൂ. അതു കൂടുതൽ കിട്ടാനുള്ള സാദ്ധ്യതകളെസംബന്ധിച്ച് ഇപ്പോഴും ആവശ്യമായ നടപടികളും പരിശോധിച്ചുവരികയാണ്. പ്ലാനിംഗ് സബ്സിഡിയായിട്ട് 300 രൂപ ഒരേക്കർ സ്ഥലത്തേക്കും ട്രാൻസ്പോർട്ടിംഗിനു ഒരു ടണ്ണിന് 20 രൂപാവരെയും വർദ്ധിപ്പിക്കുന്ന കാര്യവും ഗവൺമെന്റ് പരിഗണിക്കുന്നുണ്ട്. ഇൻഡ്യാഗവൺമെന്റ് ഒരു ടൺ കരിമ്പിന്റെ വില നിശ്ചയിച്ചത് 135 രൂപയാണ്. എന്നാൽ സംസ്ഥാന ഗവൺമെന്റ് 190 രൂപവരെ കൊടുക്കുന്നുണ്ട്. ഐ. എഫ്. സി. ഐ. യിൽനിന്നും 90 ലക്ഷം രൂപയായിരുന്നു വായ്പയെടുത്തത്. അതു പലിശയടക്കം 1984 ഡിസംബർവരെ 330 ലക്ഷം രൂപയായി. ഈ 330 ലക്ഷംരൂപ 160 ലക്ഷം രൂപയായി കുറച്ചുകൊണ്ട്, 170 ലക്ഷം രൂപയുടെ ഇളവു അനുവദിച്ചുകൊണ്ട് ഇപ്പോൾ ഐ. എഫ്. സി. ഐ. തീരുമാനമെടുത്തിരിക്കുകയാണ്. 160 ലക്ഷം രൂപയിൽ 55 ലക്ഷം രൂപ രൊക്കമായിട്ട് മാർച്ച്മാസംതന്നെ അടച്ചുകഴിഞ്ഞു. ഇനിയുള്ള 105 ലക്ഷംരൂപ മൂന്നു ഗഡുക്കളായി 1986, 87, 88 വർഷങ്ങളിലായി അടയ്ക്കാനുള്ള നടപടികളും എടുത്തുവരുന്നുണ്ട്. ഈ മില്ലിൽ ഡൈവേഴ്സിഫിക്കേഷൻ വരുത്തുന്നകാര്യവും പരിഗണിച്ച് വരികയാണ്.

സർ, സ്പിരിറ്റിന്റെ കാര്യമൊക്കെ ഇവിടെ പറഞ്ഞു. അതൊരുകാര്യം ചെയ്യേണ്ടത് എക്സൈസ് ഡിപ്പാർട്ടുമെന്റാണ്. അവരുമായി ആലോചിച്ച് വേണ്ടത് ചെയ്യാം.

(18) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ റോഡുകളുടെ ശോച്യാവസ്ഥ

ശ്രീ. പി. പി. തങ്കച്ചൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽകൂടി കടന്നുപോകുന്ന രണ്ടു പ്രധാനപ്പെട്ട സ്റ്റേറ്റ് ഹൈവേകളാണ് ആലുവാ— പിന്നാമ് റോഡും മെയിൻ സെൻട്രൽ റോഡും. മറ്റു രണ്ടു ഡിസ്ട്രിക്ട് റോഡുകളായ ഡി. പി. റോഡും സി. കെ. റോഡുമുൾപ്പെടെയുള്ള റോഡുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. അതു ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനു വേണ്ടിയാണ് ഞാനീ സബ്മിഷൻ കൊടുത്തിട്ടുള്ളത്. ഇന്നലെ കോതമംഗലത്തുനിന്നും ആലുവാവരെയുള്ള 30 കി. മീ. റോഡിൽകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും ഞാനുമൊക്കെ കൂടി

LIBRARY ARCHIVES Kerala Legislative Assembly

പരിപാടിക്ക് പോയതാണ്. ഒന്നരമണിക്കൂർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഈ 30 കി. മീ. യാത്രചെയ്യാൻ വേണ്ടിവന്നുവെന്ന് പറഞ്ഞാൽ തന്നെ ആ റോഡുകളുടെ ശോചനീയമായ സ്ഥിതിയെന്താണെന്ന് മനസ്സിലാകും. കഴിഞ്ഞയാഴ്ചയിൽ വകുപ്പുമന്ത്രിയുടെ പാർട്ടി നേതാവ് ശ്രീ. ശ്രീബന്ധം അവിടെയൊരു പരിപാടിക്കു വന്നു. അദ്ദേഹത്തിന്റെ കാറിന്റെ ആക്സിൽ ഒടിഞ്ഞു; എന്റെ വീട്ടിന്റെ മുമ്പിലുള്ള ഒരു കുഴിയിൽവച്ച്. ഇത്രയൊക്കെയായിട്ടും റോഡ് നന്നാക്കുന്നില്ല. വളരെ ശോചനീയമായ സ്ഥിതിയാണ്. * * * കുണ്ടും കുഴിയും മാത്രം നിറഞ്ഞതാണ്. ഇതിൽനിന്നും ഈ രാജ്യത്തെ ജനങ്ങളെ രക്ഷിക്കാൻവേണ്ടി അടിയന്തിരമായി എന്തെങ്കിലും നടപടികൾ സ്വീകരിക്കണം.

ശ്രീ. സ്പീക്കർ: പ്രതിപക്ഷത്തെക്കുറിച്ചുള്ള ആ വാചകം രേഖയിൽ ഉണ്ടായിരിക്കുന്നതല്ല സബ്മിഷനിൽ അതൊന്നും വേണ്ട.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, ഈ കഴിഞ്ഞ അതിവർഷവും വെള്ളപ്പൊക്കവുംമൂലം അവിടെ മാത്രമല്ല കേരളത്തിലെ ഒട്ടുമുക്കാലും റോഡുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. അതിന്റെയൊരു ഭാഗമെന്നുള്ളനിലക്കാണ് പെരുമ്പാവൂർ നിയോജകമണ്ഡലത്തിലുള്ള എം. സി. റോഡിന്റെ ഭാഗവും, ആലുവാ-കീഴ്മാർ റോഡ്, കോതമംഗലം—കോടനാർ റോഡ്, ധർമ്മപുരം—പുത്തൻകുരിശ് റോഡ് എന്നീ റോഡുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുള്ളത്. അങ്ങനെ ധാരാളം റോഡുകൾക്ക് കേടുപാട് പറ്റിയിട്ടുണ്ട്. വെള്ളപ്പൊക്കദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി റോഡുകളുടെ കേടുപാട് തീർക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഗതാഗത തടസ്സം കുറഞ്ഞുവരുന്നുണ്ട്. ഇതിനുവേണ്ടി കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

(19) മണ്ണാർക്കാട് താലൂക്ക് ആയുർവേദ ആശുപത്രിക്കെട്ടിടം

ശ്രീ. പി കുമാരൻ: സർ, മണ്ണാർക്കാട് താലൂക്ക് ആയുർവേദ ആശുപത്രി ഒരു വാടകകെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. പഞ്ചായത്ത് ഏറ്റെടുത്തുകൊടുത്ത കെട്ടിടമാണ്. രണ്ടുകൊല്ലത്തോളമായി പഞ്ചായത്തുകൾ അതിനു വാടക കൊടുക്കുന്നില്ല. കെട്ടിട ഉടമസ്ഥൻ ആ സ്ഥലം ഒഴിവാക്കിക്കിട്ടുന്നതിനുവേണ്ടിയുള്ള നിയമനടപടികൾ തുടങ്ങിയിരിക്കുകയാണ്. അതേസമയം അവിടത്തെ നാട്ടുകാർ ആശുപത്രിക്കു വേണ്ടി ഒരേക്കറോളം വരുന്ന സ്ഥലം സ്വീയായിട്ട് കൊടുത്തിട്ടുണ്ട്. അവിടെ താലൂക്ക് ആശുപത്രിക്കുവേണ്ടി സ്വന്തമായി ഒരു കെട്ടിടം പണിചെയ്ത് ആ കെട്ടിടത്തിലേക്ക് താലൂക്കാശുപത്രി മാറ്റുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്ന്, ഞാൻ അപേക്ഷിക്കുകയാണ്. ഒരു കൊല്ലത്തിനകം ആ സ്ഥലം കൊടുത്തുകൊള്ളാമെന്ന് ഞാനടക്കം ഒരു മദ്ധ്യസ്ഥത പറഞ്ഞിട്ടാണ് ഇപ്പോൾ ആ ഉടമസ്ഥൻ അതിന് സമ്മതിച്ചിട്ടുള്ളത്. അതുകൊണ്ട് കെട്ടിടമുണ്ടാക്കുന്നതിനുവേണ്ടിയുള്ള അടിയന്തിരനടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

*സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാനടപടികളിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly